# യുപിഎയുടെ ഭരണശേഷി നഷ്ടമായി

**അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ്, രാജ്യസഭ**

യുപിഎയുടെ ഭരണശേഷി നഷ്ടമായെന്ന് ബിജെപി നേതാവ് അരുൺ ജെയ്റ്റ്ലി ചൂണ്ടിക്കാട്ടി. അഴിമതി ഭരണം പ്രതിച്ഛായ തകർത്തിരിക്കുന്നു. തീരുമാനം എടുക്കാനുള്ള കഴിവില്ലാതായിരിക്കുന്നു.മന്ത്രിമാർക്കിടയിൽ ഐക്യമില്ലാതായി. രാജ്യത്തെ തകർന്നടിഞ്ഞ സമ്പദ് വ്യവസ്ഥയെ രക്ഷിക്കാനാവാത്ത സ്ഥിതി വന്നിരിക്കുന്നു. ഇതിനു പുറമേ നിരവധി പ്രതികൂല സാഹചര്യങ്ങൾ യുപിഎ നേരിടുന്നുണ്ടെന്നും ജെയ്റ്റ്ലി പറഞ്ഞു.

ജനകീയ നേതാവായി മാറാൻ പ്രധാനമന്ത്രി മൻമോഹൻസിംഗിന് ഇതുവരെ സാധിച്ചിട്ടില്ല. പുതിയ തലമുറയിലെ നേതാവെന്ന് യുപിഎ ഉയർത്തിക്കാണിക്കുന്ന രാഹുൽഗാന്ധി അവർ ആഗ്രഹക്കുന്നവിധത്തിൽ ഉയരുന്നില്ലെന്നും ജെയ്റ്റ്ലി ചൂണ്ടിക്കാട്ടി. ഭരിക്കാനുള്ള കഴിവ് യുപിഎക്ക് നഷ്ടപ്പെട്ടിരിക്കുന്നു. തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള കഴിവു പോലും നേതാക്കൾക്കില്ലെന്നും ജെയ്റ്റ്ലി കുറ്റപ്പെടുത്തി.

ധാർഷ്ട്യത്തോടെയുള്ള യുപിഎ സർക്കാരിന്റെ ഭരണം മന്ത്രിമാരുടേയും നേതാക്കളുടെയും പ്രസ്താവനകളിൽ നിഴലിച്ചു. അധികാരം ശാശ്വതമാണെന്ന് ചിന്തിച്ച ഇവർ മറ്റ് രാഷ്ട്രീയ ഇടപെടലുകൾ ഭരണത്തിൽ ഉണ്ടാകില്ലെന്നും വിശ്വസിച്ചു.

അമിതമായ പ്രചാരണങ്ങൾ യുപിഎയ്ക്ക് തന്നെ അപകടമായി. രാജ്യത്തെ ജനങ്ങൾക്ക് ഇത്തരം പ്രചാരണങ്ങൾ ദഹിക്കില്ലെന്നും ജെയ്റ്റ്ലി ചൂണ്ടിക്കാട്ടി. യുപിഎ നേതാക്കൾ മാത്രമേ അവരുടെ പ്രചാരണങ്ങൾ വിലമതിക്കുന്നുള്ളൂവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ സർക്കാരിന്റെ ഭരണശേഷിയില്ലായ്മക്ക് തെളിവാണ്. സമ്മേളനം തടസമില്ലാതെ നടത്താൻ പോലും ശ്രമം ഉണ്ടായില്ല. പാതിവഴിയിൽ സമ്മേളനം അവസാനിക്കാൻ യുപിഎ അംഗങ്ങളും സഖ്യ കക്ഷികളുമാണ് കാരണമായതെന്നും ജെയ്റ്റ്ലി പറഞ്ഞു.

വർഷങ്ങളായി കെട്ടിക്കിടന്ന ലോക്പാൽ ബിൽ പാസാകാതിരുന്നത് നിയമങ്ങൾ അംഗീകരിക്കാൻ യുപിഎ തയ്യാറാകാതിരുന്നതിനാലാണ്. അണ്ണാഹസാരെയുമായി ചർച്ച നടത്തില്ലെന്ന് നേരത്തെ വ്യക്തമാക്കിയിരുന്ന യുപിഎ പാർലമെന്റ് സമ്മേളനത്തിൽ ഞാൻ മുന്നോട്ടുവെച്ച ഭേദഗതികൾ പോലും അംഗീകരിച്ചില്ല. സെലക്ട് കമ്മറ്റിയുടെ ശുപാർശകൾ അംഗീകരിക്കാൻ അവർ തയ്യാറായില്ലെന്നും ജെയ്റ്റ്ലി കുറ്റപ്പെടുത്തി. തെരഞ്ഞെടുപ്പിൽ തിരിച്ചടിയേറ്റുവാങ്ങേണ്ടി വന്നതും യുപിഎ സർക്കാരിന്റെ ധാർഷ്ട്യം കാരണമാണെന്നും ജെയ്റ്റ്ലി കുറ്റപ്പെടുത്തി.

ആംആദ്മിയെ കൈകാര്യം ചെയ്യാൻ യുപിഎയുടെ പദ്ധതി എന്ത് പദ്ധതിയാണ് തയ്യാറാക്കുന്നതെന്നും ജെയ്റ്റ്ലി ചോദിച്ചു. കോൺഗ്രസിന്റെ ബി ടീമാണ് ആംആദ്മിയെന്ന് പറയുന്നത് മുഴുവൻ ശരിയല്ല. ആംആദ്മിയുടെ ബി ടീമാണ് തങ്ങളെന്നാണ് കോൺഗ്രസ് ഇപ്പോൾ പറയുന്നത്- തിരിച്ചടിക്കാനുള്ള കഴിവില്ലായ്മക്ക് മറ്റൊരുദാഹരണമാണിതെന്നും ജെയ്റ്റ്ലി പറഞ്ഞു.

തെലങ്കാന വിഷയത്തിൽ പാർട്ടി ഒഴിഞ്ഞുമാറുകയാണ്. തീർച്ചയായും പുതിയ ഒരു സംസ്ഥാനം ആവശ്യമാണ്. എന്നാൽ തെലങ്കാന വിഷയത്തിൽ ആന്ധ്രാപ്രദേശിലെ പ്രതിനിധികളുമായി ചർച്ച നടത്താനോ നീതി നടപ്പാക്കാനോ യുപിഎക്ക് കഴിഞ്ഞില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

അഴിമതി ഭരണത്തിൽ നിന്നും സർക്കാരിനെ കരകയറ്റാനോ, സാമ്പത്തിക തകർച്ചയിൽ നിന്ന് രാജ്യത്തെ രക്ഷിക്കാനോ ശരിയായ നടപടികൾ യുപിഎ കൈക്കൊണ്ടില്ലെന്നും ജെയ്റ്റ്ലി കുറ്റപ്പെടുത്തി. തെറ്റുകളിൽ നിന്നും യുപിഎ ഇതുവരെ പാഠംപഠിച്ചിട്ടില്ല. ടു ജി സ്പെക്ട്രം അഴിമതിയുമായി ബന്ധപ്പെട്ട ജെപിസി റിപ്പോർട്ട് അംഗീകരിച്ചത് യാതൊരു ചർച്ചയും കൂടാതെയാണ്. യുപിഎയുടെ പ്രതിച്ഛായക്ക് മങ്ങലേറ്റതിന് ഇത് കാരണമായെന്നും ജെയ്റ്റ്ലി പറഞ്ഞു. കമ്മ്യൂണൽ വയലൻസ് ബിൽ രാജ്യസഭയിൽ അവതരിപ്പിക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രി സുശീൽ കുമാർഷിൻഡെ നന്നെ പരിശ്രമിച്ചു. എന്നാൽ അതിന് സാധിച്ചില്ല. ജനങ്ങളെ ധ്രുവീകരിക്കുന്നതാണ് ഈ ബിൽ. അതു ഭരണഘടനാ വ്യവസ്ഥകളെ ഹനിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുപിഎ സർക്കാർ ഒരു മുടന്തൻ താറാവല്ല, അതു ചത്ത താറാവുതന്നെയാണെന്ന് പറയാതിരിക്കാനാവില്ലെന്നും ജെയ്റ്റ്ലി വ്യക്തമാക്കി.